<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 374</u> <u>19-03-2025 - ൽ മറുപടിയ്ക്ക്</u>

## <u>യുവജനക്ഷേമ പ്രവർത്തനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | യുവജനങ്ങളുടെ ക്ഷേമത്തിനായി നിലവിൽ എന്തെല്ലാം സർക്കാർ സംവിധാനങ്ങളാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ; | (എ) | യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ ബോധവത്ക്കരണപരിപാടികൾ, അദാലത്തുകൾ, ആരോഗ്യക്യാമ്പുകൾ, ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, കലാജാഥ, നിയമപരമായ സഹായം, കൗൺസിലിംഗ്, യുവജന ക്ലബ്ബുകളുടെ പ്രവർത്തനം എന്നിങ്ങനെ നിരവധി കർമ്മപദ്ധതികൾ കേരള സംസ്ഥാന യുവജന കമ്മീഷൻ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നു. |
| (ബി) | യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, അക്രമവാസന എന്നിവയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനായി പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിലെ നിഗമനങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, അക്രമവാസന എന്നിവയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനായി പഠനം നടത്തിയിട്ടില്ല. എന്നാൽ തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് യുവജന കമ്മീഷൻ തയ്യാറാക്കിയ “Mental Health of Youth at Work” എന്ന പേരിൽ ഉള്ള പഠന റിപ്പോർട്ട് പ്രകാരം യുവജനങ്ങളുടെ തൊഴിലിടത്തിലെ മാനസിക സമ്മർദ്ദം നേരിടുന്നതിനായി മദ്യപിക്കുന്ന ശീലം യുവജനങ്ങൾക്കിടയിൽ കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br><br>‘**No To Drugs**’ എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജനകാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി |

| | | | |
|---|---|---|---|
| | | | ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ **'ഉയിർപ്പ്'** എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവു നാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.<br><br>സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടുകൂടി **'Real to Reel'** എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി.<br><br>യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗവും തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും ഈ പദ്ധതിയുടെ ഭാഗമായി ബോധവത്ക്കരണപരിപാടികൾ കമ്മീഷൻ നടപ്പാക്കി വരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പെയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസെലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | യുവാക്കളിലെ ലഹരി ഉപയോഗവും അക്രമവാസനയും നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, അക്രമവാസന എന്നിവയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനായി പഠനം നടത്തിയിട്ടില്ല. എന്നാൽ തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് യുവജന കമ്മീഷൻ തയ്യാറാക്കിയ "Mental Health of Youth at Work" എന്ന പേരിൽ ഉള്ള പഠന റിപ്പോർട്ട് പ്രകാരം യുവജനങ്ങളുടെ തൊഴിലിടത്തിലെ മാനസിക സമ്മർദ്ദം നേരിടുന്നതിനായി മദ്യപിക്കുന്ന ശീലം യുവജനങ്ങൾക്കിടയിൽ കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br><br>**'No To Drugs'** എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജനകാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ **'ഉയിർപ്പ്'** എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവു നാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.<br><br>സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടുകൂടി **'Real to Reel'** എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി.<br><br>യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗവും തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും ഈ പദ്ധതിയുടെ ഭാഗമായി ബോധവത്ക്കരണപരിപാടികൾ കമ്മീഷൻ നടപ്പാക്കി വരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പെയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസെലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ